## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3458 — 11/12/2018-ൽ മറുപടിയ്ക്ക്

# ഹോർട്ടികോർപ്പ് വഴിയുള്ള പച്ചക്കറിവിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹോർട്ടികോർപ്പ് വിതരണം ചെയ്യുന്ന പച്ചക്കറികളുടെ സംഭരണ രീതി എപ്രകാരമാണ് ; | (എ) ഹോർട്ടികോർപ്പിനു കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ ജില്ലാ സംഭരണ കേന്ദ്രങ്ങളും, ഹരിപ്പാട്, ചടയമംഗലം എന്നിവിടങ്ങളിൽ ഉപസംഭരണ കേന്ദ്രങ്ങളും ഉൾപ്പടെ 15 സംഭരണ കേന്ദ്രങ്ങൾ നിലവിലുണ്ട്. ഈ കേന്ദ്രങ്ങൾ വഴി പച്ചക്കറികൾ സംഭരിച്ചു വരുന്നു. കർഷകർ, കർഷക കൂട്ടായ്മകൾ. വി എഫ് പി സി കെ, കാർഷിക മൊത്തവ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നുമാണ് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിക്കുന്നത്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും സംഭരിച്ചു വരുകയും ചെയ്യുന്നു. സവാള ഉൽപ്പാദന സീസണുകളിൽ നേരിട്ട് നാഫെഡ് വഴി നാസിക്കിൽ നിന്നും, മറ്റു ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ വഴിയും സംഭരിക്കാറുണ്ട്. തികച്ചും ഒഴിച്ച് കൂടാൻ ആകാത്ത അത്യാവശ്യ ഘട്ടങ്ങളിൽ പൊതു വിപണിയിൽ നിന്നും പച്ചക്കറികൾ സംഭരിക്കാറുണ്ട്. |

(ബി) വിഷരഹിതമായ പച്ചക്കറികൾ എന്ന വ്യാജേന ഹോർട്ടികോർപ്പ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളും, സ്വകാര്യ സ്ഥാപനങ്ങളും അന്യ സംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് വിപണനം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളും അത്യാവശ്യ ഘട്ടങ്ങളിൽ ഇതര സംസ്ഥാനങ്ങളിലെ പച്ചക്കറികളുമാണ് ഹോർട്ടികോർപ്പ് വിപണനം ചെയ്യുന്നത്. വിഷരഹിത പച്ചക്കറികൾ എന്ന പേരിൽ ഹോർട്ടികോർപ്പ് വിപണനം നടത്താറില്ല. എന്നാൽ ജി എ പി (ഗുഡ് · അഗ്രിക്കൾച്ചറൽ പ്രാക്ടീസസ്) സർട്ടിഫിക്കേഷനോടു കൂടി കർഷകരിൽ നിന്നും ലഭിക്കുന്ന പച്ചക്കറികൾ പ്രത്യേക ലേബലിൽ വിപണനം നടത്താറുണ്ട്.

(സി) ഇപ്രകാരമുള്ള ചൂഷണം തടയുന്നതിനായി പച്ചക്കറികളിലെ വിഷാംശ പരിശോധന ഉറപ്പ വരുത്തുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സുരക്ഷിത ഭക്ഷ്യ ഉല്പാദന പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ വെള്ളായണി കാർഷിക കോളേജിൽ 2013 ജനുവരി മുതൽ (production and marketing of "safe to eat" (pesticide free) vegetables, fruits and food products for sale through government outlet) നടപ്പാക്കി വരുന്നു.കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിലെ ഉദ്യോഗസ്ഥർ അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തു എത്തുന്ന പച്ചക്കറികളുടെയും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്ന് പഴം പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച കീടനാശിനികളുടെ വിഷാംശത്തിന്റെ തോത് പരിശോധന നടത്തി കേരളസർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും website ലും പരിശോധനാഫലം മൂന്നു മാസത്തിലൊരിക്കൽ പരസ്യപ്പെടുത്തിവരുന്നു. കൂടാതെ ഇക്കോഷോപ്പുകളിലും പച്ചക്കറികടകളിലും വിൽപ്പന നടത്തുന്ന പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് അവയിലെ

കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുന്നതിന് കേരള കാർഷിക സർവ്വകലാശാലയ്ക്ക് 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിയിൽ ഫണ്ട് നൽകുന്നുണ്ട്. പഴം പച്ചക്കറികളുടെ പരിശോധനയ്ക്ക് അത്യാധുനിക സൗകര്യങ്ങളും ദേശീയ തലത്തിലുള്ള അക്രഡിറ്റേഷൻ (NABL) ലഭിച്ച സർക്കാർ നിയന്ത്രണത്തിലുള്ള ഏക കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലബോറട്ടറിയാണ് വെള്ളായണി കാർഷിക കോളേജിലേത്.

ഇതിനു പുറമെ നടപ്പ് സാമ്പത്തിക വർഷം വെള്ളാനിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നിവിടങ്ങളിലും കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുന്നതിന് ലാബുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**(ഡി)** അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പഴം, പച്ചക്കറികളുടെ പരിശോധനയ്ക്ക് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് സർക്കാർ നല്കിയിട്ടുള്ളതെന്നു വിശദമാക്കുമോ;

**(ഡി )** ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 അനുബന്ധ ചട്ടങ്ങളും നിബന്ധനകളും അനുസരിച്ചാണ് പരിശോധനകൾ നടത്തിവരുന്നത്

**സെക്ഷൻ ഓഫീസർ.**